Draft #2 of File 135709/ACA1 SO/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 12-Oct-2022 11:43 AM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

പ്രൈവറ്റ്/ റഗുലർ/ സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഓൺലൈൻ ചോദ്യ പേപ്പർ ട്രാൻസ്മിഷൻ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോളേജുകൾ സർവ്വകലാശാലക്ക് അടക്കേണ്ട പരീക്ഷാഫീസ്, സർവ്വകലാശാല കോളേജുകൾക്ക് ഓൺ ലൈൻ ചോദ്യ പേപ്പർ പ്രിന്റിങ്ങിനായി നൽകേണ്ട തുക എന്നിവ നിശ്ചയിച്ചുകൊണ്ടും ഇതുമായി ബന്ധപ്പെട്ട മുൻ ഉത്തരവുകൾ ഭേദഗതി ചെയ്തുകൊണ്ടും - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 10404/AC A 1/2022/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 12.10.2022

---

*പരാമർശം:*-1. ഓൺലൈൻ ചോദ്യപേപ്പർ ട്രാൻസ്മിഷൻ / പ്രിന്റിങ് ചാർജ് കോളേജുകൾക്ക് നൽകുന്നത് സംബന്ധിച്ച് 29.09.2022 - ൽ കൂടിയ യോഗത്തിന്റെ മിനിട്സ്.

2.7658/A1/2/2018/ACAD,Dated 27.10.2018

3.5010/EA2/2019/M.G.U, Dated 19.10.2019

4.3154/ACA1/2021/MGU,Dated 07.07.2021

**<u>ഉത്തരവ്</u>**

പ്രൈവറ്റ് / റഗുലർ /സപ്ലിമെന്ററി വിദ്യാർത്ഥികൾക്ക് ഓൺലൈൻ ചോദ്യ പേപ്പർ ട്രാൻസ്മിഷൻ സംവിധാനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി കോളേജുകൾ സർവകലാശാലക്ക് അടക്കേണ്ട പരീക്ഷാഫീസ്, സർവകലാശാല കോളേജുകൾക്ക് പ്രിന്റിങ്ങിനായി നൽകേണ്ട തുക എന്നിവ നിശ്ചയിക്കുന്നതിനായി പരാമർശം (1) പ്രകാരം കൂടിയ യോഗം താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചു.

1. പരീക്ഷാ ഫീസിനൊപ്പം Online QP Printing Charges എന്ന ഇനത്തിൽ സെപ്റ്റംബർ 2022 മുതൽ വർദ്ധിപ്പിച്ചിരിക്കുന്ന ഫീസ് (25 /- രൂപ ), Online QP Transmission and Printing Charges എന്ന Head ആക്കി പരിഷ്കരിക്കുക .

2 .Online QP Transmission and Printing Charges ഉൾപ്പെടെ മുഴുവൻ പരീക്ഷാ ഫീസും കോളേജുകൾ സർവ്വകലാശാലാ ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. റഗുലർ/പ്രൈവറ്റ് /സപ്ലിമെന്ററി വിദ്യാർത്ഥികളുടെ ഓൺലൈൻ പരീക്ഷാ ചോദ്യപേപ്പർ പ്രിന്റിങ്ങിനായി ഒരു വിദ്യാർത്ഥിക്ക് ഒരു സെമസ്റ്ററിന് 20 /- രൂപ വീതം പരീക്ഷാ കേന്ദ്രം / സബ് സെന്ററുകൾ- എന്നിവയ്ക്ക് Conduct of Examination Bill വഴി അനുവദിക്കുക, ബാക്കി വരുന്ന തുക സർവ്വകലാശാലാ ഫണ്ടിൽ Software Maintenance Charge ആയി ഉപയോഗിക്കാവുന്നതാണ്. ഇത് 06.08.2022 ലെ നാലാം സെമസ്റ്റർ UG CBCS പരീക്ഷാ വിജ്ഞാപനം മുതൽ Online QP Transmission ബാധകമായ പരീക്ഷകൾക്ക്

അനുവദിക്കുക .

3. പ്രൈവറ്റ് വിദ്യാർത്ഥികളുടെ Online QP Printing ചാർജായി ഒരു വിദ്യാർത്ഥിയ്ക്ക് ഒരു സെമസ്റ്ററിന് 20/- രൂപ എന്ന നിരക്കിൽ 07.07.2021 തീയതി മുതലുള്ള പരീക്ഷകൾക്ക്, ബന്ധപ്പെട്ട പരീക്ഷാ കേന്ദ്രം/ സബ് സെന്ററുകൾ എന്നിവ ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് അനുവദിക്കുക .

മേൽ ശുപാർശകൾ മഹാത്മാ ഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III വകുപ്പ് 10 (17) പ്രകാരം വൈസ്-ചാൻസിലർ അംഗീകരിച്ചു.

ടി വിഷയവുമായി ബന്ധപ്പെട്ട് പരാമർശം (2), (3), (4) പ്രകാരമുള്ള മുൻ ഉത്തരവുകൾ ഇതിനാൽ ഭേദഗതി ചെയ്തിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീകുമാർ ടി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ
2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി/ ഇന്റേണൽ ഓഡിറ്റ് 1/ 2
7.യൂണിവേഴ്സിറ്റി വെബ് സൈറ്റ്/കണ്ടെന്റ് മാനേജ്മെന്റ് സെക്ഷൻ
8.എസി എ 1/എ സി എ 7/ എ സി എ 8 /എസി ബി 6/എസി ബി 7
9.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #2 of File 135709/ACA1 SO/2022/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 12-Oct-2022 11:43 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം